"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - 2000-01 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എക്സൈസ് റേഞ്ചിലെ 10/2000-01 നമ്പർ വിദേശ മദ്യഷാപ്പ് നടത്തിയ വകയിൽ ഉണ്ടായ അബ്കാരി കുടിശ്ശിക - ശ്രീമതി.സുഗദമ്മ മണിരാജിന് ആംനെസ്റ്റി പദ്ധതി പ്രകാരം കുടിശ്ശിക ഒടുക്കുന്നതിനുള്ള അനുമതി നല്കി - ഉത്തരവാകുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.307/2026/TAXES തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. WP(C) 42185/2024 നമ്പർ കേസിൽ ബഹു.ഹൈക്കോടതിയുടെ 27.02.2025 - ലെ വിധിന്യായം
2. ശ്രീമതി.സുഗദമ്മ മണിരാജ് 04.06.2025 -ൽ സമർപ്പിച്ച അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ 02.09.2025 , 06.11.2025, 21.02.2026 എന്നീ തീയതികളിലെ XM1-18678/5 നമ്പർ കത്തുകൾ

**ഉത്തരവ്**

**2000-01** സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എക്സൈസ് റേഞ്ചിലെ **10/2000-01** നമ്പർ വിദേശ മദ്യഷാപ്പ് നടത്തിയ വകയിൽ ഉണ്ടായ അബ്കാരി കുടിശ്ശിക ആംനെസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ഒടുക്കാൻ അനുവദിക്കണമെന്നും, ബാധ്യതകളിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് തിരുവനന്തപുരം, പേട്ട തോപ്പിൽ വീട്ടിൽ ശ്രീമതി. സുഗദമ്മ മണിരാജ് പരാമർശം **(2)** പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**2)** ആറ്റിങ്ങൽ, കുഴിയിൽ മുക്ക് , അനിൽ ഭവനിൽ ശ്രീ.റ്റി.പി.അനിൽകുമാർ, ആലംകോട് , ചന്ദ്രവിലാസത്തിൽ ശ്രീ.അമ്പിരാജ്, വഞ്ചിയൂർ തോപ്പിൽ ബംഗ്ലാവിൽ ശ്രീ.മണിരാജ് , തിരുവനന്തപുരം പേട്ട ,, തോപ്പിൽ വീട്ടിൽ ശ്രീമതി .സുഗദമ്മ മണിരാജ് എന്നിവർ **2000-01** സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം **10/2000-01** റേഞ്ചിലെ വിദേശ മദ്യഷാപ്പ് 51,10,000/- രൂപ വാർഷിക റെന്റൽ തുകയ്ക്ക് ലേലം കൊള്ളുകയും നിയമാനുസരണമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയ 15,33,000/-(51,10,000 ന്റെ 30%) ഒടുക്കിയിട്ടുള്ളതുമാണ്. 1974-ലെ Kerala Abkari Shops (Disposal in Auction) Rules പ്രകാരം ടി വാർഷിക റെന്റൽ തുക 10 തുല്യ മാസ ഗഡുക്കളായി (കിസ്റ്റ്) ഒടുക്കിയിരുന്നതും ടി ഷാപ്പുകൾ ലേലം കൊള്ളുന്നതിനായി 08.03.2000- ലെ 3229/2000/B2/K.Dis നമ്പർ സോൾവൻസി

സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.അനിൽകുമാറിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ആറ്റിങ്ങൽ വില്ലേജിലുള്ള സർവ്വേ നമ്പർ 53/1-ൽ പ്പെട്ട 20.23 ആർ വസ്തുവും, 10.03.2000- ലെ 4956/2000 നമ്പർ സോൾവൻസി സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.മണിരാജിന്റെയും, ശ്രീമതി. സുഗദമ്മ മണിരാജിന്റെയും പേരിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 53/14/1-ൽ ഉൾപ്പെട്ട 3 സെന്റ് വസ്തുവും, സോൾവൻസിയായി സമർപ്പിക്കുകയുമുണ്ടായി . തുടർന്ന് ടി ലൈസൻസികൾ 08/2000 മാസത്തെ കിസ്റ്റ് ഒടുക്കുന്നതിൽ വീഴ്ച വരുത്തുകയും, നോട്ടീസ് കാലാവധിക്ക് ശേഷവും, ടി കിസ്റ്റ് ഒടുക്കുവരുത്താത്തതിനെ തുടർന്ന് തിരുവനന്തപുരം അസി. എക്സൈസ് കമ്മീഷണറുടെ 14.11.2000 - ലെ T4-4241/2000(1) നമ്പർ ഉത്തരവ് പ്രകാരം ടി ലൈസൻസ് റദ്ദാക്കുകയും, 1974-ലെ Kerala Abkari Shops (Disposal in Auction) Rule, Rule 6(28) പ്രകാരം സെക്യൂരിറ്റി തുക കണ്ടുകെട്ടുകയും, ടി നടപടി എക്സൈസ് കമ്മീഷറുടെ 29.12.2000 - ലെ XA1-31084/2000 ഉത്തരവ് പ്രകാരം സാധൂകരിച്ചിട്ടുള്ളതുമാണ് . ഇപ്രകാരം വിദേശ മദ്യഷാപ്പ് നടത്തിയ വകയിൽ ശ്രീ. അനിൽകുമാർ, ശ്രീ. അംബിരാജ്, ശ്രീ. മണിരാജ്, ശ്രീമതി.സുഗദമ്മ മണിരാജ് എന്നിവരുടെ പേർക്ക് 01.04.2001-ൽ മുതലിനത്തിൽ 30,66,000/- രൂപയും പലിശയിനത്തിൽ 2,52,941/- രൂപയും ഉൾപ്പടെ ആകെ 33,18,941/-രൂപ കുടിശ്ശിക ഉണ്ടാവുകയും, ആയത് 18% പലിശ ഉൾപ്പെടെ ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾക്കായി 29.05.2001- ൽ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അർത്ഥനാ പത്രം നല്കുകയുമുണ്ടായി . കുടിശ്ശിക കക്ഷിയായ ശ്രീ. അംബിരാജ് ടിയാനെ പാപ്പരായി പ്രഖ്യാപിക്കുന്നതിനു വേണ്ടി ബഹു. ആറ്റിങ്ങൽ സബ് കോടതി മുൻ പാകെ OP(IP) 01/2006 നമ്പർ കേസ് ഫയൽ ചെയ്യുകയും, ബഹു. കോടതിയുടെ 23.04.2008 -ലെ ഉത്തരവ് പ്രകാരം ടിയാനെ പാപ്പരായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ടി കോടതി ഉത്തരവ് adjudicate ചെയ്യാത്തതിനാൽ ടിയാനെതിരായുള്ള റവന്യൂ റിക്കവറി നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്.

3) OP(IP) 05/2002- ന് മേൽ ബഹു. ആറ്റിങ്ങൽ ഹൈക്കോടതിയുടെ 16.08.2007 - ലെ ഉത്തരവ് പ്രകാരം ശ്രീ.അനിൽകുമാറിനെ പാപ്പരായി പ്രഖ്യാപിക്കുകയും, ടിയാന്റെ പേരിൽ ആറ്റിങ്ങൽ വില്ലേജിൽ ഉണ്ടായിരുന്ന സർവ്വേ നമ്പർ 53/1-ൽ പ്പെട്ട 20.23 ആർ സോൾവൻസി വസ്തു ഒഫീഷ്യൽ റിസീവറോട് ഏറ്റെടുത്ത് സർക്കാരിനും, ടി കേസിലെ നാലാം കക്ഷിയായ അശോക് കുമാറിന്റെയും ബാധ്യതകൾ തീർക്കുവാനും ഉത്തരവിട്ടിട്ടുണ്ട്.

4) 2008 -ൽ ആംനസ്റ്റി പദ്ധതി നിലവിൽ വന്നതിനെ തുടർന്ന് ശ്രീമതി. സുഗദമ്മ മണിരാജും, ശ്രീ. അംബിരാജും പ്രത്യേകം, പ്രത്യേകം ആംനസ്റ്റി അപേക്ഷകൾ സമർപ്പിക്കുകയും, തുടർന്ന് ആംനസ്റ്റി പ്രകാരം തുക

ഈടാക്കുന്നതിൽ തടസമില്ലെന്ന് ചിറയിൻകീഴ് തഹസിൽദാർ അറിയിച്ചതിനെ തുടർന്ന് ടി വിവരം ആംനസ്റ്റി പ്രകാരം ഒടുക്കേണ്ട തുക സഹിതം അപേക്ഷകരെ അറിയിച്ചിട്ടുള്ളതും, നിശ്ചിത തീയതിയ്ക്കകം ആയത് ഒടുക്കുവരുത്താത്തതിനാൽ ആംനസ്റ്റി പ്രകാരം തുക ഒടുക്കുന്നതിനുള്ള സമയ പരിധി കഴിഞ്ഞതായും, ആയതിനാൽ ആംനസ്റ്റി പദ്ധതി അനുവദിക്കാൻ കഴിയുകയില്ലായെന്നും, ശ്രീമതി. സുഗദമ്മ മണിരാജിനേയും, ശ്രീ. അംബിരാജിനേയും 06.08.2010 തീയതിയിലെ നോട്ടീസ് മുഖേന എക്സൈസ് കമ്മീഷണർ അറിയിക്കുകയുണ്ടായി .

5) ആംനസ്റ്റി ഇളവ് അനുവദിക്കുന്നതിനായി ശ്രീ. അംബിരാജ്, ശ്രീ. അനിൽകുമാർ, ശ്രീമതി.സുഗദമ്മ മണിരാജ് എന്നിവർ നിരവധി തവണ അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷകളെല്ലാം എക്സൈസ് അധികാരികൾ നിരസ്സിച്ചിട്ടുള്ളതുമാണ് . IA-164/2012 in OP(IP)-05/2002-ന് മേൽ ബഹു. തിരുവനന്തപുരം ജില്ലാ കോടതിയുടെ 12.02.2019 -ലെ ഉത്തരവ് പ്രകാരം ആറ്റിങ്ങൽ വില്ലേജിലുള്ള സർവ്വേ നമ്പർ 53/1-ൽപ്പെട്ട 20.23 ആർ സോൾവൻസി വസ്തു ലേലം ചെയ്ത് വിറ്റു സർക്കാരിനുള്ള ബാധ്യതയും, നാലാം കക്ഷിയായ അശോക് കുമാറിന്റെ ബാധ്യതയും തീർക്കുവാൻ ഒഫീഷ്യൽ റിസീവറിന് അനുമതി നൽകി വീണ്ടും ഉത്തരവാകുകയുണ്ടായി. ആംനസ്റ്റി അനുവദിക്കുന്നതിനായി ശ്രീമതി. സുഗദമ്മ മണിരാജ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 42185/2024 നമ്പർ ഹർജിയിന്മേൽ പരാമർശം (1) വിധിന്യായ പ്രകാരം ടിയാളുടെ അപേക്ഷ പരിഗണിക്കുവാൻ എക്സൈസ് കമ്മീഷണറോട് നിർദേശിച്ചിരുന്നു. എന്നാൽ അപേക്ഷ നിരസിച്ച് എക്സൈസ് കമ്മീഷണർ നടപടിക്രമം പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി കുടിശ്ശിക ഒടുക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. സുഗദമ്മ മണിരാജ് പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

6) ശ്രീ. അനിൽകുമാർ ഈടായി നൽകിയതും, രേഖകൾ പ്രകാരം എക്സൈസ് വകുപ്പിന് ബാധ്യതപ്പെട്ടതുമായ ആറ്റിങ്ങൽ വില്ലേജിലുള്ള സർവ്വേ നമ്പർ 53/1-ൽ ഉൾ പ്പെട്ട 20.23 ആർ വസ്തുവിൽനിന്നും 10.00 ആർ വസ്തു നാഷണൽ ഹൈവേ നിർമ്മാണത്തിനായി ഏറ്റെടുത്ത വകയിൽ ലഭ്യമായ നഷ്ട പരിഹാര തുകയായ 1,18,15,247/- രൂപ CALA & PD അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ അറിയിച്ചിട്ടുള്ളതായും, ടി വസ്തുവിന്റെ അസ്സൽ പ്രമാണം 17.02.2025-ൽ തിരുവനന്തപുരം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ (നാഷണൽഹൈവേ) (എൽ.എ) ഓഫീസിൽ ഹാജരാക്കി തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കൈപ്പറ്റ് രസീത് വാങ്ങിയിട്ടുള്ളതാണെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7) തിരുവനന്തപുരം എക്സൈസ് റേഞ്ചിലെ **10/2000-01** നമ്പർ വിദേശ

മദ്യഷാപ്പ് നടത്തിയ വകയിൽ ഉണ്ടായ അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട് കേസുകൾ ഒന്നും നിലവിലില്ലാത്തതാണെന്നും ദേശീയ പാത വികസനത്തിനായി ടി 20.23 ആർ വസ്തുവിൽ നിന്നും 10.00 ആർ ഭൂമി ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാരമായി 1,88,15,247/- രൂപയാണ് ലഭ്യമായിട്ടുള്ളതെന്നും, ടി കേസിൽ 31.7.2025 വരെ മുതലിനത്തിൽ 30,66,000/- രൂപയും പലിശയിനത്തിൽ 1,36,82,021/- രൂപയും സഹിതം ആകെ 1,67,48021/- രൂപ കുടിശ്ശിക നിലനിൽ ക്കുന്നുണ്ടെന്നും 2008 വർഷത്തിൽ കുടിശ്ശിക കക്ഷികൾ ആംനസ്റ്റി പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് തുക ഒടുക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും തുക ഒടുക്കു വരുത്തിയിരുന്നില്ലെന്നും തുടർന്ന് 2011, 2013, 2024 വർഷങ്ങളിൽ കക്ഷികൾ സമർപ്പിച്ച അപേക്ഷകൾ എല്ലാം തന്നെ ആംനസ്റ്റി ഉത്തരവുകൾക്ക് വിരുദ്ധമായി മനപ്പൂർവം ഉപാധികൾ വച്ചു കൊണ്ടുള്ളതായിരുന്നുവെന്നും, ആയവയെല്ലാം അപേക്ഷിയ്ക്കാൻ വേണ്ടി മാത്രം സമർപ്പിച്ച അപേക്ഷകൾ ആണെന്നും, ആറ്റിങ്ങൽ സബ് കോടതിയിലെ OP(IP) 5/2002 നമ്പർ കേസിൽ 16.08.2007- ലെ ഉത്തരവ് പ്രകാരം ആറ്റിങ്ങൽ വില്ലേജിലുള്ള സർവ്വേ നമ്പർ 53/1-ൽ ഉൾപ്പെട്ട 20.23 ആർ റവന്യൂ റിക്കവറി നടപടികളിലല്ല മറിച്ച് സർക്കാരിന് അധീനപ്പെട്ടതാണെന്നും നാഷണൽ ഹൈവേ ഏറ്റെടുത്തതിന്മേലുള്ള നടപടി ക്രമങ്ങളിൽ വന്ന കാലതാമസമാണ് ടി വസ്തുവിന്റെ വില്പനയ്ക്കും സർക്കാരിലേക്ക് തുക എത്തിച്ചേരുന്നതിനും കാലതാമസമുണ്ടാക്കിയതെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2015, 2016, 2024 വർഷങ്ങളിൽ കക്ഷികൾ നൽകിയ കേസുകൾ പിൻവലിച്ചതും, മുൻ ആംനസ്റ്റി അപേക്ഷകളിലെ ഉപാധിയായിരുന്ന സെക്യൂരിറ്റി തുക വരവ് വയ്ക്കണമെന്ന വാദം നിലവിൽ പരിഗണനയിലുള്ള അപേക്ഷയിൽ ഉപേക്ഷിച്ചതും, ടി സർക്കാർ വസ്തു നാഷണൽ ഹൈവേ ഏറ്റെടുത്തതിലൂടെ ലഭ്യമായ ഭീമമായ നഷ്ടപരിഹാര തുക മുന്നിൽ കണ്ടാണെന്നും, ടി ഏറ്റെടുത്ത 10 ആർ വസ്തു കൂടാതെ ഇനിയും 10.23 ആർ വസ്തു OP(IP) 5/2002 നമ്പർ കേസിൽ 16.08.2007- ലെ ബഹു.കോടതിയുടെ ഉത്തരവ് പ്രകാരം സർക്കാർ അധീനതയിൽ തന്നെയാണെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ശ്രീമതി.സുഗദമ്മ മണിരാജ് അപേക്ഷ സമർപ്പിച്ച 04.06.2025 -ന് മുൻപ് തന്നെ ടി **10** ആർ വസ്തുവിന്മേലുള്ള നഷ്ട പരിഹാര തുക (എൽ.എ) (നാഷണൽ ഹൈവേ) സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ കൈവശം എത്തിയിട്ടുള്ളതാണെന്ന് വ്യക്തമായതിനാൽ ആയതിൽ നിന്നും ടി തുക ക്ലെയിം ചെയ്യാനാണ് നിലവിലെ ആംനസ്റ്റി പദ്ധതി പ്രകാരമുള്ള 04.06.2025 -ലെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ടി 20.23 ആർ വസ്തു സർക്കാരിനും മറ്റൊരു നാലാം കക്ഷിയ്ക്കും ബാധ്യതപ്പെട്ടതാണെന്നിരിക്കെയും ആറ്റിങ്ങൽ വില്ലേജ് ഓഫീസർക്കും ആറ്റിങ്ങൽ സബ് രജിസ്ട്രാർക്കും ടി വസ്തുവിന്റെ ഉടമസ്ഥാവകാശവും ബാധ്യത വിവരങ്ങളും സംബന്ധിച്ച് യാതൊരു സംശയവും ഇല്ലാതിരിക്കെയും ടി വസ്തുവിന്റെ

ഉടമസ്ഥാവകാശത്തിൽ വ്യത്യാസം കാണുന്നതായും, ബാധ്യതക്കാരനും, നിലവിലെ ഭൂവുടമയും വേറെ വേറെ ആളായ കേസാണിതെന്ന് അറിവായതായും, ഒരു സർക്കാർ വകുപ്പിന് ഒരു സ്വത്ത് പണയംവച്ച് ഉടമസ്ഥാവകാശം പൂർത്തിയാക്കാൻ കഴിയാതെ മറ്റൊരാളുടെ പേർക്ക് മാറ്റിയിട്ടുണ്ടെന്നും തുടങ്ങി എക്സൈസ് വകുപ്പിന് തുക കൈമാറാൻ കഴിയുമോ എന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ നിയമോപദേശം ലഭിക്കുന്നതിനായി തിരുവനന്തപുരം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ) (നാഷണൽ ഹൈവേ) ജില്ലാ ഗവണ്മെൻറ് പ്ലീഡർക്ക് കത്ത് നൽകിയ നടപടി സംശയാസ്പദമാണെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. OP(IP) 5/2002 നമ്പർ കേസിന്മേൽ 16.08.2007 -ലെ ബഹു.കോടതി ഉത്തരവ് പ്രകാരം സർക്കാരിന് അധീനപ്പെട്ട വസ്തു നാഷണൽ ഹൈവ ഏറ്റെടുത്തതിലൂടെ തിരുവനന്തപുരം (എൽ.എ) (നാഷണൽ ഹൈവേ) സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ പക്കൽ 02.04.2024-ന് മുൻപ് തന്നെ ലഭ്യമായ നഷ്ട പരിഹാര തുക എക്സൈസ് വകുപ്പിന് കൈമാറുവാനുള്ള സാങ്കേതിക നടപടിക്രമങ്ങൾ മാത്രം അവശേഷിക്കുന്ന സാഹചര്യത്തിൽ, ടി തുക സർക്കാർ കൈവശത്തിലാണെന്ന് കാണാവുന്നതാണെന്നും പലിശ ഉൾപ്പെടെ മുഴുവൻ കുടിശ്ശിക തുകയും ആയതിലൂടെ വസൂലാകുന്നതുമാണെന്നും ആയതിനാൽ നിലവിൽ ശ്രീമതി.സുഗദമ്മ മണിരാജ് ആവശ്യപ്പെടുന്ന പ്രകാരം ആംനസ്റ്റി പദ്ധതിയനുസരിച്ച് കുടിശ്ശിക അടപ്പിക്കേണ്ട ആവശ്യമില്ല എന്നും സർക്കാരിൽ നിക്ഷിപ്തമായ വസ്തുവിന്റെ ആ ഭാഗം നാഷണൽ ഹൈവേ ഏറ്റെടുത്തതിലൂടെ ലഭ്യമായ തുക പൂർണ്ണമായും സർക്കാരിന് മാത്രം അവകാശപ്പെട്ടതാണെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

8) മേൽ വിവരിച്ചത് പ്രകാരമാണ് വസ്തുതകൾ എങ്കിൽ കൂടി ശ്രീമതി.സുഗദമ്മ മണിരാജിന് ആംനസ്റ്റി പദ്ധതി പ്രകാരം കുടിശ്ശിക ഒടുക്കുന്നതിനുള്ള യോഗ്യത ഉണ്ടെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

9) പരാമർശം (1) പ്രകാരമുള്ള വിധിന്യായം അനുസരിച്ച് ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്താത്തതിനെ തുടർന്ന് ശ്രീമതി. സുഗദമ്മ മണിരാജ് COC (C) No 2663/2025 നമ്പരായി കോടതി അലക്ഷ്യ ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

10) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2000-01 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം 10/2000-01 റേഞ്ചിലെ വിദേശ മദ്യഷാപ്പ് ലേലം കൊണ്ട വകയിൽ ഈടായി നൽകിയ ഭൂമിയുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ അപാകതകൾ നിലനിൽക്കുന്നുണ്ടെങ്കിലും പോലും, ഭൂമി ഈടായി നൽകിയവർക്ക് ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടാൻ യോഗ്യത ഉള്ളതായി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്താത്തതിനെ തുടർന്ന് ശ്രീമതി. സുഗദമ്മ മണിരാജ് ഫയൽ ചെയ്ത കോടതി അലക്ഷ്യ ഹർജി

ബഹു.ഹൈക്കോടതി സ്വീകരിച്ചിട്ടുള്ളതിനാലും **2000-01** സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം എക്സൈസ് റേഞ്ചിലെ **10/2000-01** നമ്പർ വിദേശ മദ്യഷാപ്പ് നടത്തിയ വകയിൽ ഉണ്ടായ അബ്കാരി കുടിശ്ശിക ആംനെസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ഒടുക്കാൻ ശ്രീമതി. സുഗദമ്മ മണിരാജ് - ന് അനുമതി നൽകിയും , ആംനെസ്റ്റി പദ്ധതി പ്രകാരം ശ്രീമതി. സുഗദമ്മ മണിരാജിൽ നിന്നും തുക ഈടാക്കാൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയും ഇതിനാൽ ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്,

1) അഡ്വക്കേറ്റ് ജനറൽ, കേരളം , എറണാകുളം(ആമുഖ കത്ത് സഹിതം)
2) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം
3) എക്സൈസ് കമ്മീഷണർ , തിരുവനന്തപുരം
4) വെബ് & ന്യൂ മീഡിയ
5) ശ്രീമതി.സുഗദമ്മ മണിരാജ് , തോപ്പിൽ വീട്, പേട്ട ,തിരുവനന്തപുരം, പിൻ. 695024
6) സ്റ്റോക്ക് ഫയൽ (എ1/298/2024/നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 12-03-2026 10:11:36